# Lourde Voice
# ലൂർദ്ദ് വോയ്സ്

FEBRUARY 2020



## LOURDES FORANE CHURCH
### GANDHIPURAM, COIMBATORE
WWW.LOURDESFORANE.COM






Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BJI
**BEETEX®**
**INDUSTRIES**

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279.
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com




# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 2 | ഫെബ്രുവരി 2020 | ലക്കം 2


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും


ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com


കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. George Madathikandathil
Ph: 9207910118
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Ph:9894024729
Mr. Joffy C. J.
Ph: 8903687184
Kaikkars
Mr. Romeo Alosious
Ph: 7871925047
Mr. Sifi Vazhappilly
Ph: 9943855500
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



എഡിറ്റോറിയൽ

ഇടയമൊഴി

Farewell

ഓർമ്മിക്കേണ്ട ദിവസങ്ങൾ

സംഘടനാവാർത്തകൾ

കുടുംബസമ്മേളനങ്ങൾ

ഇടവക വാർത്തകൾ

തമിഴ്

സഭാ വാർത്തകൾ

വിശുദ്ധ സെബസ്ത്യാനോസ്

ദിവ്യകാരുണ്യം മുറിക്കപ്പെടുന്ന അപ്പം

ബർതിമേയൂസിന്റെ ദൈവാനുഭവം

Kids Corner

Marian Knowledge

Catechism News




എഡിറ്റോറിയൽ

# തിരുനാളുകളും പെരുന്നാളുകളും

ആത്മീയതയുടെ ആഘോഷമാണ് തിരുനാൾ. പുതുവത്സരത്തിന്റെ ആദ്യ ആഴ്ച മുതൽ കത്തോലിക്ക ദൈവാലയങ്ങളിൽ തിരുനാൾ ആഘോഷങ്ങൾ കൊടിയേറുകയായി. വർഗ്ഗീയതയുടെ ഭാഗമായി ക്രിസ്തുമത വിശ്വാസികൾ എന്നും പീഡിപ്പിക്കപ്പെടുന്നു. തീക്ഷ്ണമായ ദൈവസ്നേഹത്താൽ അനേകർ ഇന്നും രക്തസാക്ഷിത്വം വരിക്കാൻ സന്നദ്ധരാണ്. ക്രൈസ്തവനാണെന്നതിന്റെ പേരിൽ ക്രിസ്തുമസ് നാളിൽ പോലും നൈജീരിയയിൽ വധിക്കപ്പെട്ട സംഭവം അതിദാരുണ മാണ്.

അമ്പുപെരുനാൾ അടിപൊളിയാക്കാൻ ചെണ്ടമേളം വേണോ, ബാന്റ് വാദ്യം വേണോ, ശിങ്കാരിമേളം വേണോ എന്നെല്ലാം ആലോചിച്ച് ആശ യക്കുഴപ്പത്തിലാകുന്ന നാളുകളാണല്ലോ ഇത്. മുറിവുകളെ തിരുമുറിവു കളാക്കിയവരാണ് രക്തസാക്ഷികൾ. നിന്ദനങ്ങളും പരിഹാസങ്ങളും മർദ്ദനങ്ങളും അടികളും എന്നല്ല, അമ്പുകളേറ്റുവാങ്ങാനും കഴുത്തറുക്ക പ്പെടാനും ആവേശത്തോടെ മുന്നോട്ട് വന്ന് യേശുവിന്റെ തിരുമുറിവുക ളോട് ചേർത്ത് ധീരരക്തസാക്ഷിത്വം വരിച്ച വിശുദ്ധരുടെയും രക്തസാ ക്ഷികളുടെയും ഓർമ്മ ആചരിച്ച് വിശ്വാസം ആഘോഷിക്കുന്ന-പ്രഘോ ഷിക്കുന്ന അനുഗ്രഹനാളുകളല്ലെ തിരുനാളുകൾ.

വിശ്വാസം ഹൃദയത്തിന്റെ സ്പന്ദനവും ജീവന്റെ ശ്വാസവുമായി അവ നിൽ- അവളിൽ നിറയുമ്പോൾ അവർ സ്വർഗ്ഗത്തോളം ഉയർത്തപ്പെടു ന്നു. വിശ്വാസത്തിന്റെ ജീവിക്കുന്ന മാതൃകകളാകുമ്പോൾ ഒരുവൻ ദൈവത്തിന്റെ സംസാരഭാഷയാകുന്നു. വിശ്വാസികളായ നാം ഒരു ധീര രക്തസാക്ഷിയുടെയും ഇടവക മദ്ധ്യസ്ഥയുടെയും തിരുനാൾ ആഘോ ഷിക്കുമ്പോൾ ചിന്തിക്കണം: ഇത് തിരുനാളോ? പെരുന്നാളോ?!

തിരുനാളാഘോഷത്തിന്റെ ലക്ഷ്യം മുഖ്യമായും 4 കാര്യങ്ങളാണ്.

1. അനുസ്മരണം
2. കൃതജ്ഞത
3. അനുസരണം- വിശ്വസ്തത

4. സന്തോഷം-ആഘോഷം


ഈ നാലു കാര്യങ്ങളും അതിന്റെ പൂർണ്ണതയിൽ കൊണ്ടാടുന്നതാണ് തിരുനാൾ....

വിജാതീയരേപ്പോലെ ആടിത്തിമർക്കുന്ന ആഢംബരമല്ല, മത്സരങ്ങളുടെ പരമ്പരയുമല്ല- തിരുനാളാഘോഷങ്ങളുടെ ആത്മീയത. ഭക്തിനിർഭര മായ അമ്പെടുക്കലും പ്രദക്ഷിണവും വഴി സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനുള്ള അവസരമായി തിരുനാളുകൾ മാറട്ടെ. തിരുനാളാ ഘോഷം വഴി ആത്മീയത ഒരുപടികൂടി ഉയരണം. പരിശുദ്ധ അമ്മയുടെ വിശുദ്ധ ജീവിതവും മദ്ധ്യസ്ഥതയും വി. സെബസ്ത്യാനോസിന്റെ രക്ത സാക്ഷിത്വവും ഇന്നും അനേകായിരങ്ങളെ ആകർഷിക്കുമ്പോൾ നമ്മുടെ ആഹ്ലാദപ്രകടനങ്ങളും ആർഭാടങ്ങളും ആഘോഷങ്ങളും എതിർ സാക്ഷ്യം നല്കുന്നവയാകാതിരിക്കട്ടെ....

ഡയോക്ലേഷ്യൻ ചക്രവർത്തിയുടെ സൈന്യാധിപനായിരുന്ന സെബ സ്ത്യാനോസ് ഉയർന്ന സ്ഥാനമാനങ്ങളിലേയ്ക്കുയർത്തപ്പെട്ടു. അനേകം മക്കൾക്ക് യേശുവിനെ പ്രഘോഷിക്കുന്ന തന്റെ കടമ സാഘോഷം കൊണ്ടാടുന്ന അവസരം., അദ്ദേഹം ക്രിസ്ത്യാനിയാ ണെന്ന സത്യം ചക്രവർത്തിയുടെ പക്കലെത്തി. ക്രിസ്തീയവിശ്വാസം ഉപേക്ഷിക്കാൻ പലവിധ പ്രേരണകളുണ്ടായിട്ടും അദ്ദേഹം അതിനു തയ്യാറായില്ല. ക്രിസ്തുവാണ് എന്റെ ജീവനും ജീവിതവും വിശ്വാസം ഉപേക്ഷിക്കാൻ തയ്യാറാകാതെ മരണം ഏറ്റുവാങ്ങി രക്തസാക്ഷിത്വം വരിച്ച ധീരയോദ്ധാവാണ് വി. സെബസ്ത്യാനോസ്.

ജീവിതം സന്തോഷിക്കാനും സ്നേഹിക്കാനും ആഘോഷിക്കാനുമുള്ള താണ്. തിരുനാളുകളെ പെരുന്നാളുകളാക്കി മാറ്റുമ്പോൾ ഓർക്കണം “നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്ക് ഭാരമായിരിക്കുന്നു... (ഏശയ്യ:1:”14-15) എന്ന പ്രവാചക വചനം. വി. കുർബാനയിലും നൊവേനയിലും ആത്മാർത്ഥമായി പങ്കെടുത്ത് ഈ വിശുദ്ധർ മുന്നേറിയ വഴികളെ നമുക്ക് അനുധാവനം ചെയ്യാം. ഈ വിശുദ്ധരിലൂടെ സ്വർഗ്ഗം സന്തോഷിക്കുന്നു. അനുഗ്രഹങ്ങൾ വർഷിക്കു ന്നു. സ്നേഹത്തോടെ താഴ്മയോടെ ഇടവകസമൂഹത്തോടും വന്ദ്യ വൈദികരോടും ചേർന്ന് ഭക്തിയോടെ. തിരുനാൾ ആഘോഷിക്കാം. വിശുദ്ധിയിൽ മുന്നേറാം. സ്വർഗ്ഗം സന്തോഷിക്കട്ടെ. ഭൂമിയിൽ ദൈവകാ രുണ്യം ഒഴുകട്ടെ. ഏവർക്കും ഹൃദ്യമായ തിരുനാൾ ആശംസകൾ.

**സി. മരിയ സെലിൻ എഫ്.സി.സി**



## ഇടയമൊഴി

# പ്രലോഭനം

യേശുവിന് മരുഭൂമിയിലുണ്ടാകുന്ന ആദ്യ പ്രലോഭനവും കുരിശിലുണ്ടാകുന്ന അന്ത്യ പ്രലോഭനവും "നീ ദൈവപുത്രനാണെങ്കിൽ" എന്നതാണ്." ഈ കല്ലുകൾ അപ്പമാകാൻ പറയുക"(മത്താ:4:3) നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരിക. (മത്ത:27:40) മരുഭൂമിയിലെ പിശാചും കുരിശിൻ ചുവട്ടിലൂടെ കടന്നുപോകുന്നവരും ആവശ്യപ്പെടുന്നത് ഒന്നുതന്നെ. ഒരു അത്ഭുതം പ്രവർത്തിച്ച് ദൈവപുത്രനാണെന്ന് തെളിയിക്കാൻ- പ്രലോഭനങ്ങളിലെ പ്രലോഭനമാണിത്. ഒരിക്കലും ഒരു സാധാരണക്കാരൻ തിരിച്ചറിയാനിടയില്ലാത്ത പ്രലോഭനം. ദൈവപുത്രനാണ് എന്ന് ബോധ്യപ്പെടുത്തേണ്ടത് ദൗത്യനിർവ്വഹണത്തിന്റെ ആവശ്യകത തന്നെയാണ്.

നീയാരാണ്, നിന്റെ അപ്പൻ ആരാണ് എന്നൊക്കെ വെല്ലുവിളിക്കപ്പെടുക, മുപ്പതും മുപ്പത്തിമൂന്നും വയസ്സുപ്രായമുള്ള ഏതൊരു ചെറുപ്പക്കാരനും തീവ്രമായ പ്രലോഭനമാണ് ഒരുവന്റെ വ്യക്തിത്വത്തെയും ചോദ്യം ചെയ്യുന്നതാണ്. അപ്പനു വിളിക്കുക എന്നത് നമ്മുടെ സംസ്കാരത്തിൽ ഒരുവന്റെ നേരെയുള്ള രൂക്ഷമായ വെല്ലുവിളിയാണ്. ചെറുപ്പക്കാരാകുമ്പോൾ മറുപടി കൊടുക്കാൻ അവരുടെ രക്തം തിളയ്ക്കും.

എന്നാൽ താൻ ദൈവപുത്രനാണ് എന്ന് വെളിപ്പെടുത്തുന്നതിനെപ്പറ്റി യേശുവിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. നിശ്ശബ്ദമായ സഹനത്തിലൂടെയും പിതാവിന്റെ ഹിതമനുസരിച്ച് സ്വയം മരണത്തിന് ഏൽപിച്ചുകൊടുക്കുന്നതിലൂടെയുമാണ് തന്റെ പുത്രത്വം വെളിപ്പെടുത്തേണ്ടത് എന്ന് അവനറിയാം. എന്നാൽ വളരെ ലളിതമായ അത്ഭുതത്തിലൂടെ ഇത് വെളിപ്പെടുത്താവുന്നതേയുള്ളൂ എന്നതാണ് മരുഭൂമിയിലെ സാത്താന്റെ പ്രലോഭനം. കല്ലുകളെ അപ്പമാക്കുക, ദൈവാലയഗോപുരത്തിൽ നിന്ന് താഴേയ്ക്ക് ചാടി മുറിവേൽക്കാതെ വിസ്മയിപ്പിക്കുക. ഇങ്ങനെനിസ്സാര കാര്യങ്ങൾ ചെയ്ത് വെളിപ്പെടുത്താൻ പറ്റുന്നതാണ് നിന്റെ പുത്രത്വം. അത് ശരിയാണെന്ന് നമുക്ക് തോന്നിപ്പോകും. യേശു അപ്പോൾ തന്നെ മറുപടി കൊടുത്തു. അപ്പം കൊണ്ടുമാത്രം തീർക്കേണ്ട

വിശപ്പുകൾ പരിഹരിക്കാൻ മാത്രമല്ല അവൻ എത്തിയിരിക്കുന്നത് എന്ന്. അവന്റെ ദൗത്യവും വ്യക്തമായ ദർശനവും അവന് വെളിപ്പെടുത്തപ്പെടുന്നു. കുരിശിൽ കിടക്കുമ്പോൾ നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങി വരിക എന്ന് പറഞ്ഞ് പലരൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്ന കൗശലക്കാരനായ സാത്താൻ തന്നെയാണ് ആ വഴിയേ കടന്നുപോയത്. എന്നാൽ ക്രിസ്തു അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു.

ഈ വെല്ലുവിളിയുടെ കാതൽ എന്താണ്. "നീ ഇങ്ങനെ നിസ്സഹായനായി മരിച്ചാൽ ദൗത്യം പരാജയപ്പെടും. നീ പുത്രനാണ് എന്ന് പറഞ്ഞ് മരിക്കണമെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവന്നാൽ മതി. ഇതാണ് പറ്റിയ അവസരം. കാരണം അത്രയധികം പരിഹാസവും നിന്ദയും നിറഞ്ഞതാണ് കുരിശ്. കൗശലം പുരട്ടിയുള്ള ഇത്തരം വാക്കുകൾക്കു മുൻപിലാണ് ഒരുവൻ സർവ്വ നിയന്ത്രണവും വിടുന്നത്. പക്ഷേ അവൻ ഈ പ്രലോഭനത്തെ പരാജയപ്പെടുത്തിയത് കുരിശിനെസ്വന്തമാക്കിയിട്ടാണ്.

സഹനങ്ങളെ നിശ്ശബ്ദമായി സഹിച്ചുകൊണ്ടും സഹനകാരണമാകുന്നവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടുമാണ് യേശു തന്റെ ദൗത്യം വിജയിപ്പിച്ചത്. അപ്പോഴാണ് അവൻ പറഞ്ഞത് "എല്ലാം പൂർത്തിയായി."

ഇത് കണ്ട ശതാധിപൻ പറഞ്ഞു. സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു. (മർക്കോസ് 15:39)


ക്രിസ്തുവിന്റെ ബോധ്യവും അവന്റെ മാർഗ്ഗവും ശരിയായിരുന്നു; അവൻ ലക്ഷ്യവും കൈവരിച്ചിരിക്കുന്നു. പ്രലോഭനങ്ങളിലെ പ്രലോഭനത്തെ അവൻ വിജയിച്ചിരിക്കുന്നു.

സ്നേഹിതാ, ക്രൈസ്തവ ജീവിതം വെല്ലുവിളിക്കപ്പെടുന്ന ഇത്തരത്തിലുള്ള വാക്കുകളുമായി നിന്റെ കുരിശിന്റെ ചുവട്ടിലൂടെ ആളുകൾ കടന്നുപോകുമ്പോൾ എങ്ങനെയാണ് നീ  പ്രതികരിക്കുക? നീ വിശന്നിരിക്കുമ്പോൾ നിന്റെ അരികിലെത്തുന്നവരെ എന്തു പറഞ്ഞാണ് നീ മടക്കി അയയ്ക്കുക? ഇവിടെയാണ് നാം പരാജയപ്പെടുക.'ഞാനാരാണെന്ന് നിനക്കറിയില്ല ഇപ്പോ കാണിച്ചുതരാം' എന്ന് ആത്മഗതം ചെയ്ത് കുരിശിൽ നിന്ന് ഇറങ്ങിവരാൻ ഒരുങ്ങുമ്പോൾ ഒന്ന് കണ്ണടയ്ക്കുക; ക്രൂശിതനെ ധ്യാനിക്കുക, മരുഭൂമിയേയും....

ഏവർക്കും നല്ല ഒരു നോമ്പുകാലം ആശംസിക്കുന്നു.

**ഫാ. തോമസ് കാവുങ്കൽ**
വികാരി



Farewell is a common term used to denote the absence of the existence of a person in a place or a community. However, it also speaks about the existence of person in a community for a long time but at the same time, the existence has taken away from the community or a place for certain valid reasons. In this context, I would like to elucidate the biblical perspectives of farewell both from the New Testament and the Old testaments.

Farewell and its Meaning

Oxford dictionary gives a wonderful meaning to the word farewell as follows: “the act of saying goodbye to somebody.” A farewell is also an expression of good wishes at a parting. The word parting means “the act or occasion of leaving a person or place.” By the act of saying farewell, one expresses one’s own will to seek God or wishes happiness or welfare at parting.

Biblical perspectives of the term “Farewell”

After spending some time there, they were sent off by the believers with the blessing of peace to return to those who had sent them (Acts 15, 33-34). It is an eschatological journey of a person aims at returning to God because He gives the existence and strength for proclaiming his gospel messages to the whole world. Pope Francis writes in his apostolic exhortation, Christus vivit, that “we are strangers and exiles on the earth”, for he explains this concept through the letter to Hebrews and thus followed as: “all these people were still living by faith when they died. They did not receive the things promised; they only saw them and welcomed them from a distance admitting that they were foreigners and

strangers on earth (Hebrew 11, 13).” The eschatological expectation is the fundamental concept of the farewell which bible describes as we are “strangers and exiles”. In the Old Testament Exodus speaks about the liberation of Israel from Egypt, it is a farewell because the act of farewell is done by god for the people of Israel. Farewell is an act of God by which God teaches a person that He is the ultimate protector, guider, giver and provider and one should find his existence in God (Ex 13, 24).

- Fare well is an activity done by God, because of this; there is a personal liberation in the life of the individuals.
- It is an eschatological expectation looking towards God.
- Farewell helps us to understand that God is the ultimate protector, guider, giver and provider and we are strangers and exiles.

May Jesus Christ bless you abundantly

**Fr. George Madathikandathil**
Asst. Vicar

## ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ഫെബ്രുവരി 2020**

02– നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ)

03– മൂന്ന് നോമ്പ് ആരംഭം

04– വി. ജോൺബ്രിട്ടോ

11– ലൂർദ്ദ് മാതാവ് (രോഗിദിനം)

23– വി. പോളികാർപ്പ്; അമ്പത് നോമ്പ് ആരംഭം

24– വിഭൂതി തിങ്കൾ

25– വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ.



# സംഘടനാവാർത്തകൾ

## മാതൃവേദി

**മീറ്റിംഗ്**

ഫെബ്രുവരി മാസത്തെ ജനറൽബോഡി മീറ്റിംഗ് 9-ാം തിയതി ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിക്കുശേഷം ഉണ്ടായിരിക്കുന്നതാണ്. എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**അഭിനന്ദനങ്ങൾ**

രൂപതാ മാതൃവേദി 'വിശ്വാസ പരിശീലനവും കുടുംബവും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കൈയെഴുത്തു മാസിക മത്സരത്തിൽ നമ്മുടെ  ഇടവക മൂന്നാം സ്ഥാനം കരസ്ഥമാക്കി. കഥ, കവിത, ലേഖനങ്ങൾ, പെയിന്റിംഗ് എന്നിവ നൽകിയവർക്കും സഹായിച്ച സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ....

**ഇടവകതിരുനാൾ**

ഫെബ്രുവരി 1,2 തിയ്യതികളിൽ നമ്മുടെ ഇടവക മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ നാം ആഘോഷിക്കുകയാണല്ലോ. ഏവർക്കും തിരുനാൾ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു. വിശുദ്ധരുടെ മാദ്ധ്യസ്ഥം നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിരുനാളിനോടനുബന്ധിച്ച് ദൈവാലയത്തിനുള്ളിലെ അലങ്കാരത്തിന് കമ്മിറ്റി അംഗങ്ങളോട് ചേർന്ന് എല്ലാ അമ്മമാരും സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**മാതൃവേദിയാത്ര**

ഇടവക മാതൃവേദി അംഗങ്ങൾ ജനുവരി 13-ാം തിയതി ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സിനോടൊപ്പം നടത്തിയ വിനോദ-തീർത്ഥയാത്ര ഏവർക്കും കൂട്ടായ്മയുടെയും സന്തോഷത്തിന്റെയും പുതിയ അനുഭവമായിരുന്നു. യാത്രയിൽ പങ്കെടുത്ത ഏർക്കും നന്ദി.

## കുടുംബസമ്മേളനങ്ങൾ

| | |
|---|---|
| 9.2.2020 –4:00pm– | സെന്റ് ആന്റണീസ് യൂണിറ്റ്<br>ശ്രീ. എം.എൽ ആന്റണി. മെലിറ്റ് ഹൗസ്, 8124826017 |
| 9.2.2020 –4.00 pm– | സെന്റ് ജോൺമരിയ വിയാനി<br>ശ്രീ.എൽ ആന്റണി. ആളൂർ ഹൗസ്, 9363150012 |
| 9.2.2020 –5.00 pm– | സെന്റ് ജോർജ്ജ് യൂണിറ്റ്, ശ്രീ. റ്റി.സി ജോസഫ്<br>തൈക്കാട്ടിൽ ഹൗസ് .9443202136 |
| 9.2.2020 –6.00 pm– | സെന്റ് പീറ്റർ യൂണിറ്റ്<br>ശ്രീ. എം.വി. ജോസ്–മരോക്കി ഹൗസ്, 9362610146 |
| 16.2.2020 –4.00 pm– | സെന്റ് അൽഫോൻസ യൂണിറ്റ്<br>ശ്രീമതി സി.സി.ആനി ചാലിശ്ശേരി ഹൗസ്, 8248208399 |
| 16.2.2020 –4:00 pm– | സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ്<br>ശ്രീ. ജോയ് സി. ജെ ചിറ്റിലപ്പിള്ളി ഹൗസ്, 9585847985 |
| 16.2.2020 –5.00 pm– | സെന്റ് മേരീസ് യൂണിറ്റ്<br>ശ്രീമതി റാണി പ്രകാശ് തട്ടിൽ ഹൗസ് 9363141208 |
| 16.2.2020 –6.00 pm– | സെന്റ് വിൻസെന്റ് ഡിപോൾ യൂണിറ്റ്<br>ശ്രീമതി. ലിസ്സിപോൾസൺ<br>കപ്പിത്താൻ പറമ്പിൽ ഹൗസ്, 9042918950 |
| 23.2.2020 –4:00 pm | സെന്റ് പോൾ യൂണിറ്റ്, ശ്രീ.സി.എ ലിജോൺ<br>ചിറ്റിലപ്പിള്ളി ഹൗസ്, 9003677512 |
| 23.2.2020–5:00 pm- | സെന്റ് ജോസഫ് യൂണിറ്റ്, ശ്രീ.വി.എ ഔസേഫ്.<br>വലിയപറമ്പിൽ ഹൗസ്, 9443049963 |
| 23.2.2020 –5:00 pm – | ലിറ്റിൽ ഫ്ളവർ യൂണിറ്റ്<br>ശ്രീ. ജോൺസൺ ജോസഫ്<br>മുതുകാട്ടിൽ ഹൗസ് 8608632524 |
| 23.2. 2020 –6.00 pm– | സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്<br>യൂണിറ്റ് വാർഷികം |
| 23.2.2020–6.00 pm– | സെന്റ് തോമസ് യൂണിറ്റ്, ശ്രീ. എൻ.എഫ്. ജോർജ്ജ്<br>നീലങ്കാവിൽ (ഹൗസ്) 9443753997 |

# ഇടവക വാർത്തകൾ

**നോമ്പുകാല ധ്യാനം**

ഫെബ്രുവരി 28,29 മാർച്ച് 1 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ നോമ്പുകാല ധ്യാനം നടത്തപ്പെടുന്നു. ഈ മൂന്നു ദിവസത്തെ ധ്യാനത്തിൽ പങ്കെടുത്ത് നോമ്പുകാലം തിരിഞ്ഞുനോട്ടത്തിന്റെയും പരിഹാരത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം.

**പുതിയ നേതൃത്വം**

നമ്മുടെ ഇടവകയിൽ എല്ലാ സംഘടനകളിലും കുടുംബയൂണിറ്റുകളിലും കഴിഞ്ഞ മൂന്നു വർഷമായി നേതൃത്വം നല്കിയ എല്ലാവരെയും നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. അവർ ചെയ്ത ത്യാഗം ഏൽപിക്കപ്പെട്ട ഉത്തരവാദിത്വങ്ങളോടുള്ള അവരുടെ ആത്മാർത്ഥത അതിലൂടെ നേരിടേണ്ടിവന്ന സഹനം എന്നിവയ്ക്ക് നന്ദിയുടെ പൂച്ചെണ്ടുകൾ- പുതിയ നേതൃത്വം നമുക്ക് പ്രാർത്ഥനാപൂർവ്വം സ്വീകരിക്കാം. സംഘടനകളിലും കുടുംബയൂണിറ്റുകളിലും തിരഞ്ഞെടുപ്പു നടത്തി ഈ മാസം പുതിയ നേതൃത്വത്തെ കണ്ടെത്താം.

**കുടുംബത്തിൻ സർവ്വേ**

രൂപതയുടെ ദശവത്സരത്തോടനുബന്ധിച്ച് കുടുംബങ്ങളുടെ സർവ്വേ നടത്തപ്പെടുന്നു. ഓരോയൂണിറ്റിൽ നിന്നും ഓരോ ഭാരവാഹികൾ, കൈക്കാരന്മാർ, മതബോധനപ്രധാനഅധ്യാപിക, കോൺവെന്റ് മദർ സുപ്പീരിയർ, രൂപതാ, ഫൊറോനപാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം സജ്ജമാക്കേണ്ടിയിരിക്കുന്നു. ഈ സർവ്വേയിൽ എല്ലാവരും നല്ല രീതിയിൽ സഹകരിച്ച് ഇതിനെ വിജയിപ്പിക്കാൻ പരിശ്രമിക്കുമല്ലോ.

**ത്യാഗാർപ്പണ ചെപ്പ്**

ക്രിസ്തുമസ്സ് കാലഘട്ടത്തിൽ ത്യാഗാർപ്പണചെപ്പ് ശേഖരണത്തിലൂടെ നിങ്ങൾ കാണിച്ച ത്യാഗത്തിന് പ്രത്യേകം നന്ദി പറയുന്നു. ഓരോ മാസവും ദശാംശം കാഴ്ചകളായി സമർപ്പിക്കുമ്പോൾ നമ്മുടെ കുടുംബം, വരുമാനമാർഗ്ഗം, ദേശം, മക്കൾ, ജീവിത പങ്കാളി എല്ലാം അനുഗ്രഹിക്കപ്പെടും. ഇതിനു നേതൃത്വം നൽകിയ കൈക്കാരന്മാർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

**തങ്കി, ആർത്തുങ്കൽ പിന്നെ കൈനഗിരിയും**

ഈ വർഷത്തെ മാതൃവേദിയുടെ ഉല്ലാസ-തീർത്ഥാടനയാത്ര വളരെ അനുഭവം നിറഞ്ഞതായിരുന്നു. ഇത് ഒരുക്കിയ എല്ലാ ഭാരവാഹികൾക്കും അനുഗമിച്ച ബഹു. സിസ്റ്റേഴ്സിനും പങ്കെടുത്ത എല്ലാ അമ്മമാർക്കും പ്രത്യേകം നന്ദി പറയുന്നു. ഈശോയുടെ അനുഗ്രഹവും വിശുദ്ധരുടെ (വി. സെബസ്ത്യാനോസ്, വി. കുരിയാക്കോസ് ഏലിയാസ് ചാവറ) മാദ്ധ്യസ്ഥവും എല്ലാ അമ്മമാർക്കും ലഭിക്കട്ടെ.

**തണൽ- അഭിനന്ദനങ്ങൾ**

മാതൃവേദിയുടെ കൈയെഴുത്തുമാസിക 'തണൽ' രൂപതാ തലത്തിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കി. ഇതിനായി പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ...

**യുവജനങ്ങൾക്ക് നന്ദി**

പുതുവത്സരാഘോഷത്തോടനുബന്ധിച്ച് പഴയ മനുഷ്യനെഉണ്ടാക്കുകയും ന്യൂ ഇയർ കേക്ക് വിതരണം ചെയ്യുകയും മറ്റു രീതിയിൽ സഹകരിക്കുകയും ചെയ്ത എല്ലാ യുവജനങ്ങൾക്കും നന്ദിയും അനുമോദനങ്ങളും.

**പ്രവേശക കൂദാശകൾ**

1. സെന്റ് പോൾ യൂണിറ്റ് മണ്ണിപ്ലാക്കൽ നൈജിൽ+ അനുമകൾ സേറ (അന്ന) 25/12/2019 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം-05/12/2019

2. സെന്റ് ജോസഫ് യൂണിറ്റ് ചാലിശ്ശേരി ആന്റണി സുനിൽ+ തോംസി മകൻ പിയോ (ഇവാൻ) 29/12/2019 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം -23/10/2019

3. ബ്രഹ്മകുളം സെന്റ് തോമസ് ഇടവക പണങ്ങാട്ടു ലിയോൺ+ ദീപ മകൾ ത്രേസ്യമരിയ (ഇസബെൽ) 18.01.2020 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 9.10.2019

4. സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് വടക്കൻ ലിന്റോ+ സപ്ന റെജീന മകൻ ജോൺസൺ (റോഷൻ) 19.01.2020 പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 7.10.2019

**കുടുംബവേദിയിലേയ്ക്ക്**

സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് തത്രത്തിൽ പൊൻമാണി ജോസ്+ലിൻഡ, ബേബി മകൻ ജോൺസണും സെന്റ് ആന്റണീസ് യൂണിറ്റ് പുതുശ്ശേരി ഫ്രാൻസിസ്+ ലാലി മകൾ സാന്ത്വനിയും 19/01/2020 ൽ വിവാഹിതരായി.

**കുടുംബയൂണിറ്റ് വാർത്തകൾ**

**സെന്റ് ജോസഫ് യൂണിറ്റ്**

5/1/2020 ന് വൈകിട്ട് 7 മണിക്ക് സെന്റ്ജോസഫ് കുടുംബയൂണിറ്റ് വാർഷികം വിവിധ കലാപരിപാടികളോടും ഒപ്പം തന്നെ നിറഞ്ഞ സദസ്സിൽ സമ്മാനദാനങ്ങൾ നല്കിയും കൊണ്ടാടുകയുണ്ടായി. ഇതിന് നേതൃത്വം നൽകിയ യൂണിറ്റ് ഭാരവാഹികൾ, സ്പോൺസർമാർ കലാപരിപാടികൾ അവതരിപ്പിച്ചവർ, സമ്മാനാർഹർ പങ്കെടുത്തവർ, ഏവർക്കും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**മതബോധനവാർത്തകൾ**

**ശരീരം മരിക്കട്ടെ- ആത്മാവ് ജീവിക്കട്ടെ**

ഈ വർഷത്തെ മതബോധനദിനം വളരെ അർത്ഥമുള്ളതും വർണ്ണശബളവുമായിരുന്നു. വി. മറിയം ത്രേസ്യയുടെ ജീവിതത്തെ ആസ്പദമാക്കി അവതരിപ്പിച്ച 47 മിനിറ്റു ദൈർഘ്യമുള്ള ദൃശ്യാവതരണം 'നവോത്ഥാനത്തിന്റെ നായിക- വി മറിയം ത്രേസ്യ' ഏവരേയും വിസ്മയിപ്പിച്ചു. 120 കലാകാരന്മാർ, ബഹു. വൈദികർ, ബഹു. സിസ്റ്റേഴ്സ്, മതാധ്യപകർ, മാതാപിതാക്കൾ, യുവജനങ്ങൾ എന്നിവരുടെ കഠിനാധ്വാനത്തിന്റെ ഫലമായാണ് ഇത് യാഥാർത്ഥ്യമായത്. എല്ലാക്കാര്യങ്ങളും ഏകോപിപ്പിച്ച് നേതൃത്വം നല്കിയ ബഹു. വികാരിയച്ചന്, ഏറെ സ്നേഹത്തോടെ നന്ദിപറയുന്നു. ബഹു. കൊച്ചച്ചൻ, മതബോധനവിഭാഗം ഹെഡ്മിനിസ്ട്രസ്സ് സി.തെരേസ് ജോൺ, മതാധ്യാപകർ, ബഹു. സിസ്റ്റേഴ്സ്, ശബ്ദം നല്കിയവർ, എഡിറ്റിംഗ് ചെയ്ത ശ്രീ. ഫെലിക്സ് സൗണ്ട് സിസ്റ്റം ഒരുക്കിയ ശ്രീ. ഡേവിസ് പള്ളിക്കുന്നത്ത് എന്നിവർക്കും സഹായിച്ച സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**മതബോധനപരീക്ഷ**

ഫെബ്രുവരി 23-ാം തിയതി ഞായറാഴ്ച മതബോധനപരീക്ഷ നടത്തപ്പെടുന്നു. മാതാപിതാക്കൾ കുട്ടികളെ പരീക്ഷയ്ക്കായി ഒരുക്കുമല്ലോ. കുട്ടികൾ നന്നായി പഠിച്ചൊരുങ്ങണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ബൈബിൾ ക്വിസ്**

രൂപതാതലത്തിൽ നടത്തപ്പെട്ട ബൈബിൾ ക്വിസ് മത്സരത്തിൽ "A' വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ, എഡ്വിൻ ബിജു, മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സാറാ സിഫി എന്നിവർക്ക് ഇടവകയുടെയും മതബോധനവിഭാഗത്തിന്റെയും പേരിൽ അഭിനന്ദനങ്ങൾ...

## Special Coaching Exam

രൂപതാതലത്തിൽ നടത്തപ്പെട്ട Special Coaching Exam ൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും പ്രത്യേക അനുമോദനങ്ങൾ.

**വിജയികൾ**

| | |
|---|---|
| VI Std | Albi V.J |
| | Cyril C.P |
| | Edwin Biju |
| VII Std | Aafreen |
| | Alan.V.L |
| VIII Std | Jismi K. Joshy |
| | Johan Varghese. P |

## Collage Competition

Collage Competition

ഫൊറോനതലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ മതബോധനവിഭാഗത്തിനും കുട്ടികൾക്കും അഭിനന്ദനങ്ങൾ.

**പൗരത്വബില്ലിനെതിരേ പ്രതിഷേധം**

ക്രിസ്തുമസ് ദിനത്തിൽ പൗരത്വബില്ലിനെതിരെ പ്രതിഷേധയോഗം നടത്തപ്പെട്ടു. ഇന്ത്യൻ ഭരണഘടനയുടെ സമഗ്രതയും മതേതര സ്വഭാ

വവും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നാം ഇപ്പോൾ അഭിമുഖീകരിക്കുന്നത് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ കാണുമ്പോൾ വേദനയും ദുഃഖവും തോന്നും. പ്രതിഷേധ ശബ്ദത്തെ അടിച്ചമർത്തി നിശ്ശബ്ദമാക്കാൻ ഒരു സർക്കാരിനും അവകാശമില്ല. അത് രാജ്യത്തിന്റെ യശ്ശസിനും ലോകരാഷ്ട്രങ്ങളുടെ ഇടയിൽ നമ്മുടെ  അഭിമാനത്തിന് ക്ഷതമേൽക്കാനും കാരണമാകും. ഇന്നുവരെ നമ്മുടെ രാജ്യം ഉയർത്തിപ്പിടിച്ച ഭരണഘടനയുടെ അന്ത:സത്ത സംരക്ഷിക്കപ്പെടേണ്ടതാണ്. ആശങ്കകൾ പരിഹരിക്കപ്പെടണം. നമ്മുടെ  രാജ്യത്ത് സമാധാനവും ശാന്തതയും സന്തോഷവും നിലനിൽക്കണം. ലോകത്തെ അഭിസംബോധനചെയ്തു സംസാരിക്കവേ ബഹു. വികാരിയച്ചൻ അഭിപ്രായപ്പെട്ടു.

**ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസുകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം  തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം നല്കേണ്ടതാണ്. കളർ ഫുൾ പേജ് – 2400,  ഹാഫ് പേജ് – 1200, B/w ഫുൾ പേജ് – 1500. പരസ്യങ്ങൾ കൊടുക്കുന്നവർ  കൂടെ ഒരു Whatsapp നമ്പറും കൊടുക്കേണ്ടതാണ്.**

# பொங்கல் "நன்றியின் விழா

தை பிறந்தால் வழி பிறக்கும் என்ற கருத்துக்கு இணையாக தை மாதத்தின் முதல் நாளாக பொங்கல் திருநாள் கொண்டாடப்படுகிறது. பொங்கல் என்பது தமிழர்களால் சிறப்பாகக் கொண்டாடப்படும் ஒரு தனிப்பெரும் விழா. பொங்கல், உழைக்கும் மக்கள் இயற்கைக்கும், மற்ற உயிர்களுக்கும் சொல்லும் ஒரு நன்றியறிதலாகக் கொண்டாடப்படுகிறது..

விவிலியத்தில் நூற்றுக்கும் மேற்பட்ட இடங்களில் வரும் ஒரு சொல் அறுவடை. தொடக்கநூல் 8:22 இல் இறைவன் இவ்வாறு கூறுகின்றார், "மண்ணுலகு இருக்கும் நாளளவும் விதைக்கும் காலமும் அறுவடைக் காலமும் குளிரும் வெப்பமும், கோடைக்காலமும் குளிர்க்காலமும் பகலும் இரவும் என்றும் ஓய்வதில்லை" அறுவடை தொடர்ந்து நடப்பதால், அதற்கு விழா எடுக்க ஆண்டவர் கூறியுள்ளார்..

விடுதலைப் பயண நூல் 23:16இல் இறைவன் இவ்வாறு கூறுகின்றார், "வயலில் நீ விதைத்து, உன் உழைப்பின் முதற்பலன் கிட்டும்போது, "அறுவடை விழா"வும், ஆண்டுத் தொடக்கத்தில் வயலிலிருந்து உனது உழைப்பின் பயனை ஒன்று சேர்க்கையில், "சேகரிப்பு விழா"வும் எடுக்க வேண்டும்" ஆண்டு தொடக்கத்தையும், அறுவடையையும் விழாவாகக் கொண்டாட ஆண்டவரே பழைய ஏற்பாட்டிலேயே கூறியுள்ளார்..

விவிலியத்தில் அப்பம் பெருகச் செய்த பகுதியில் இயேசு உணவிற்காக நன்றி கூறுகின்றார். யோவான். 6;11 இல், இயேசு அப்பங்களை எடுத்துக் கடவுளுக்கு நன்றி செலுத்தி, அமர்ந்திருந்தோருக்குக் கொடுத்தார். என்று சொல்லப்பட்டுள்ளது. அதேபோல் கடைசி இரவு உணவின்போதும், அப்பத்தை எடுத்து நன்றி செலுத்தி, தன் சீடருக்கு அளித்தார் என்றும் அதேபோல் கிண்ணத்தை எடுத்து நன்றி செலுத்தி பிறகு தன் சீடர்களுக்குக் கொடுத்தார் என்றும் வாசிக்கின்றோம். உணவிற்காக நாம் இறைவனுக்கு நன்றி சொல்ல வேண்டும் என்பதை இயேசு இதன் வழியாக நமக்குக் கற்றுக் கொடுக்கின்றார்.

1தெசலோனிக்கையர்; 5:18என்ன நேர்ந்தாலும் நன்றி கூறுங்கள்.:

உழவர் ஒருவரிடம் நிறைய குதிரைகள் இருந்தன. மக்கள் அவரிடம் வந்து அவரைப் பாராட்டுவது உண்டு. அப்போது அவர் சொல்வது. "இறைவனுக்கு நன்றி" ஒருநாள் ஒரு குதிரை காணவில்லை. மக்கள் அவரிடம் வந்து வருத்தம் தெரிவித்தனர். அவர் சொன்னது, "இறைவனுக்கு நன்றி" பல நாட்களுக்குப் பின் மீண்டும் ஒருநாள் காணாமல் போன குதிரை வேறு பல குதிரைகளைக் கூட்டி வந்தது. அப்போது மக்கள் அவரிடம் வந்து, அவரது அதிஷ்டத்தைப் பாராட்டினர். அப்போதும் அவர் சொன்னது, "இறைவனுக்கு நன்றி" அந்த குதிரைகளில் ஒரு குதிரையின்மீது அவர் மகன் ஏறி சவாரி செய்தான். அப்போது அவன் கீழே விழுந்து கால் ஒடிந்து விட்டது. மக்கள் வந்து வருத்தம் தெரிவித்தனர். அப்போதும் அவர் சொன்னது, "இறைவனுக்கு நன்றி" ஒரு நாள் அரசன் தன் படைக்கு ஆட்களைத் தேடிவந்து, வீட்டிலிருந்த எல்லா இளைஞர்களையும் வலுக்கட்டாயமாக அழைத்துச் சென்று விட்டான். இவரின் மகன் ஊனமுற்றிருந்ததால், அவனை விட்டுச் சென்றுவிட்டான். அப்போது மக்கள் வந்து இவரைப் பாராட்டினர். அப்போதும் அவர் சொன்னது, "இறைவனுக்கு நன்றி"

பொங்கல் விழா நன்றியின் விழா. அனைத்தையும் தரும் இறைவனுக்கு முதலில் நன்றி கூறுவோம். உணவினைத் தரும் உழவருக்கு நன்றி கூறுவோம்.

அனைவருக்கும் இதயம் நிறைந்த பொங்கல் நல்வாழ்த்துகள். !!!

# സഭാ വാർത്തകൾ

1. സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ 28ാമത് സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 2020 ജനുവരി 10 മുതൽ 15 വരെ നടന്നു. സീറോ മലബാർ സഭയിലെ 64 മെത്രാന്മാരിൽ 58 പേർ സിനഡിൽ പങ്കെടുത്തു. അനാരോഗ്യവും പ്രായാധിക്യവും മൂലമാണ് മറ്റ് മെത്രാന്മാർക്ക് സിനഡിൽ പങ്കെടുക്കാൻ സാധിക്കാത്തത്.

2. കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ മെത്രാനായി മാർ ജോസ് പുളിക്കലിനെയും പാലക്കാട് രൂപതയുടെ സഹായമെത്രാനായി റവ. മോൺ. പീറ്റർ കൊച്ചുപുരയ്ക്കലിനെയും സീറോമലബാർ സഭയുടെ 28മത് സിനഡിന്റെ ആദ്യ സമ്മേളനം തെരഞ്ഞെടുത്തു.

3. പാലക്കാട് രൂപതയുടെ ആദ്യ സഹായമെത്രാനായി നിയമിതനായ മോൺ. പീറ്റർ കൊച്ചുപുരയ്ക്കലിന്റെ മെത്രാഭിഷേക ശുശ്രൂഷകൾ ഏപ്രിൽ 14ന് നടക്കും. ചക്കാന്തറ സെന്റ് റാഫേൽസ് കത്തീഡ്രൽ സ്ക്വയറിൽ നടക്കുന്ന ചടങ്ങുകളിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി കാർമ്മികത്വം വഹിക്കും.

4. കാഞ്ഞിരപ്പള്ളിയുടെ പുതിയ മെത്രാൻ മാർ ജോസ് പുളിക്കലിന്റെ സ്ഥാനാരോഹണം ഫെബ്രുവരി 3ന് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കാർമികത്വത്തിൽ നടക്കും.

5. സീറോ മലബാർ സഭയിലെ നാലു ദേവാലയങ്ങളെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രങ്ങളായി ഉയർത്തുവാൻ സീറോ മലബാർ സിനഡ് തീരുമാനിച്ചു. ചങ്ങനാശേരി അതിരൂപതയിലെ കുടമാളൂർ സെന്റ് മേരീസ് ഫൊറോനപള്ളി, കാഞ്ഞിരപ്പള്ളി രൂപതയിലെ സെന്റ് മേരീസ് മരിയൻ തീർത്ഥാടനകേന്ദ്രം, തൃശൂർ അതിരൂപതയിലെ പാലയൂർ സെന്റ് തോമസ് പള്ളി, ഇരിങ്ങാലക്കുട രൂപതയിലെ താഴേക്കാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി എന്നിവയാണു മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്.

6. ക്രിസ്ത്യൻ പെൺകുട്ടികളെ പ്രണയം നടിച്ചു തീവ്രവാദത്തിലേക്ക് ആകർഷിക്കാൻ ശ്രമിക്കുന്നു എന്ന സീറോ മലബാർ സഭാ മെത്രാന്മാരുടെ സിനഡിന്റെ വിലയിരുത്തലിനെപ്പറ്റി ദേശീയ സംസ്ഥാനതലത്തിൽ അന്വേഷണം നടത്തി 21 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ കേരള ഡിജിപിയോട് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആവശ്യപ്പെട്ടു.

7. തലശ്ശേരി അതിരൂപതയ്ക്കു കീഴിലുള്ള വിളക്കന്നൂർ ദേവാലയത്തിൽ ഈശോയുടെ തിരുമുഖം പ്രത്യക്ഷപ്പെട്ട തിരുവോസ്തി കൂടുതൽ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി റോമിലേക്ക് കൊണ്ടു പോകും.

2013 നവംബർ 15 നാണ് വിളക്കന്നൂർ ക്രിസ്തുരാജ ദേവാലയത്തിൽ ഫാ. തോമസ് പതിക്കൽ അർപ്പിച്ച ദിവ്യബലി മദ്ധ്യേ തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖത്തിന്റെ ഛായ പ്രത്യക്ഷപ്പെട്ടത്.

8. പൗരത്വ നിയമഭേദഗതിയെക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകൾ പരിഹരിക്കാൻ കേന്ദ്രസർക്കാർ മുന്നോട്ടുവരണമെന്ന് സീറോ മലബാർ സഭാ സിനഡ് ആവശ്യപ്പെട്ടു. ഭരണഘടനയുടെ അടിസ്ഥാനമൂല്യമായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. അഭയാർഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കുകയും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർഥിക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം പുനഃപരിശോധിക്കണം. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വ മുണ്ടെന്നും സിനഡ് വിലയിരുത്തി.

9. കഴിഞ്ഞ വർഷം ക്രൈസ്തവർക്കെതിരെ ഏറ്റവും കൂടുതൽ ആക്രമണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പത്തു രാഷ്ട്രങ്ങളുടെ പട്ടികയിൽ ഇന്ത്യയും. വാഷിംഗ്ടൺ ആസ്ഥാനമായി ക്രൈസ്തവർക്കെതിരായ മതപീഡനങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര സംഘടനയായ 'ഓപ്പൺഡോഴ്സ്' ജനുവരി 15ന് പുറത്തുവിട്ട 2020-ലെ 'വേൾഡ് വാച്ച് ലിസ്റ്റ് ടോപ് 10'പട്ടികയിൽ പത്താമതാണ് ഇന്ത്യയുടെ

സ്ഥാനം.

10. വത്തിക്കാന്റെ നയതന്ത്ര കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റേറ്റ് സെക്രട്ടറിയേറ്റിൽ ചരിത്രത്തിൽ ആദ്യമായി വനിതയെ നിയമിച്ചുകൊണ്ട് മാർപാപ്പയുടെ ഉത്തരവ്. അണ്ടർ സെക്രട്ടറി പദവിയിൽ ഇറ്റാലിയൻ വനിതയായ ഫ്രാൻസിസ്ക ഡി ജിയോവാനി യെയാണ് ഫ്രാൻസിസ് പാപ്പ നിയമിച്ചിരിക്കുന്നത്.

11. ആഗോള കത്തോലിക്ക സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാൻ എന്ന പേരോടെ യുക്രെൻ ഗ്രീക്ക് കത്തോലിക്കാ സഭയിലെ ലിവിവ് അതിരൂപതയിലെ ഫാ. സ്റ്റെപാൻ സുസ് മെത്രാനായി അഭിഷിക്തനായി. മെത്രാൻ പദവി സ്വീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം വെറും 38 വയസ്സു മാത്രമാണെന്നതാണ് ആഗോള സഭയിൽ ഇദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നത്.

12. ലോകത്തിലെ ഏറ്റവും വലിയ ബസിലിക്കയുടെ നിർമ്മാണം ആഫ്രിക്കൻ രാജ്യമായ റുവാണ്ടയുടെ ദക്ഷിണ പ്രവിശ്യയായ കിബേഹോയിൽ ഉടൻ ആരംഭിക്കും. പണി പൂർത്തിയായാൽ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയെ ലിപ്പത്തിന്റെ കാര്യത്തിൽ റുവാണ്ടയിലെ ബസിലിക്ക മറികടക്കും. ഏകദേശം ഒരു ലക്ഷം ആളുകളെ ഉൾക്കൊള്ളുവാനുള്ള സ്ഥലം ബസിലിക്കയിലും ചുറ്റുവട്ടത്തുമുണ്ട്. 1980-ൽ പരിശുദ്ധ കന്യകാമറിയം മൂന്നു സ്കൂൾ വിദ്യാർത്ഥിനികൾക്ക് പ്രത്യക്ഷപ്പെട്ടുവെന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലത്താണ് ദേവാലയം നിർമ്മിക്കുന്നത്.

13. മിഷൻ കേന്ദ്രങ്ങളോട് കൂടുതൽ ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി അദീലാബാദ് രൂപതയിൽ ഒരു ദേവാലയം നിർമിച്ച് നൽകാൻ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി തീരുമാനിച്ചു. അദീലാബാദ് രൂപതാധ്യക്ഷൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടനു മായി, കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലഗേറ്റ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, ഡയറക്ടർ ഫാ. ജിയോ കടവി തുടങ്ങിയവർ ദേവാലയ നിർമാണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി.

14. ലോകത്തെ ഏറ്റവും മികച്ച അധ്യാപകനുള്ള 'ഗ്ലോബൽ ടീച്ചർ പ്രൈസ്' പുരസ്കാരം നേടി ജനശ്രദ്ധയാകർഷിച്ച ഫ്രാൻസിസ്കൻ

സന്യാസി പീറ്റർ തബിച്ചി ഫ്രാൻസിസ് പാപ്പയെ സന്ദർശിച്ചു. കെനിയൻ സ്വദേശിയായ ബ്രദർ പീറ്റർ കെനിയയിലെ പവാനി ഗ്രാമത്തിലെ റിഫ്റ്റ് വാലിയിലെ സെക്കണ്ടറി സ്കൂളിലെ കണക്ക്-സയൻസ് അദ്ധ്യാപകനാണ്. തന്റെ വരുമാനത്തിന്റെ എൺപതു ശതമാനവും സ് കൂളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് അദ്ദേഹം ചിലവഴിക്കുന്നത്.

15. വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ സ്ഥാപകനും പ്രഥമ സഭാംഗവുമായ ഫാ. വർക്കി കാട്ടറാത്ത് ദൈവദാസ പദവിയിലേക്ക്. പൂഞ്ഞാർ കാട്ടറാത്ത് ഉതുപ്പ് ചാണ്ടിയുടെയും ത്രേസ്യാമ്മയുടെയും മകനായി 1851 ഒക്ടോബർ 13 നാണു ജനനം. 1931 ഒക്ടോബർ 24ന് ദിവംഗതനായ ഫാ. വർക്കി കാട്ടറാത്തിന്റെ ഭൗതികശരീരം തോട്ടകം സെന്റ് ഗ്രിഗോറിയോസ് ദേവാലയത്തിലാണ് അടക്കം ചെയ്തിട്ടുള്ളത്.

16. ന്യൂയോർക്ക് ആസ്ഥാനമായ ഊം 100 മാസിക തയാറാക്കിയ ലോകത്തെ ഏറ്റവും സ്വാധീനമുള്ള നൂറുപേരുടെ പട്ടികയിൽ തുടർച്ചയായി രണ്ടാം തവണയും മാഹേർ പ്രസ്ഥാനത്തിന്റെ സ്ഥാപക ഡയറക്ടറും കണ്ണൂർ കോളയാട് വാക്കച്ചാലിൽ കുടുംബാംഗവുമായ സിസ്റ്റർ ലൂസി കുര്യൻ. രാജ്യാന്തരതലത്തിൽ നടത്തിയ വോട്ടെടുപ്പിലൂടെ പ്രമുഖ വ്യക്തികളടങ്ങിയ ജൂറിയാണ് സിസ്റ്റർ ലൂസിയെ 2019-ലെ ഈ അപൂർവ ബഹുമതിക്ക് തെരഞ്ഞെടുത്തത്.

17. അമലാ പ്രോവിൻസ് അംഗവും തൃശൂർ വിമലാ കോളജ് ബോട്ടണി വിഭാഗം അധ്യാപികയുമായ സിസ്റ്റർ ജീനാ തെരേസ് സിഎംസിക്കു മികച്ച കോളജ് അധ്യാപികയ്ക്കുള്ള ഇന്തോനേഷ്യൻ പുരസ്കാരം സമ്മാനിച്ചു.

18. ലോക പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതനും ലാറ്ററൻ സർവ്വകലാശാലയിലെ ഓഗസ്റ്റീനിയൻ പാട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനുമായ കർദ്ദിനാൾ പ്രോസ്പർ ഗ്രെച്ച് അന്തരിച്ചു. 94 വയസ്സായിരുന്നു. 2013 മാർച്ചിൽ സിസ്റ്റൈൻ ചാപ്പലിൽവെച്ച് പുതിയ പാപ്പയെ തെരഞ്ഞെടുക്കുന്നതിന് തൊട്ടു മുൻപായി തെരഞ്ഞെടുപ്പ് സംഘത്തിൽ ഉൾപ്പെട്ട കർദ്ദിനാൾമാർക്കുള്ള ധ്യാനത്തിന് നേതൃത്വം നൽകിയത് വകർദ്ദിനാൾ ഗ്രെച്ചായിരുന്നു.

19. അരുണാചൽ പ്രദേശിലെ മിയാവോ രൂപതാധ്യക്ഷനും മലയാളി

മെത്രാനുമായ ബിഷപ്പ് ജോർജ് പള്ളിപ്പറമ്പിൽ ഇനി ഏഷ്യൻ സുവിശേഷവത്കരണ വിഭാഗത്തിന്റെ അധ്യക്ഷൻ. ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസാണ് അദ്ദേഹത്തെ മൂന്ന് വർഷത്തേയ്ക്കു ദൌത്യം ഭരമേൽപ്പിച്ചിരിക്കുന്നത്.

20. അടുത്ത വർഷം ഇന്ത്യയിൽ നടത്താനിരുന്ന ഏഷ്യൻ രാജ്യങ്ങളിലെ കത്തോലിക്കാ യുവജനദിനസമ്മേളനം ഉപേക്ഷിച്ചു. രാജ്യത്തെ രാഷ്ട്രീയസാഹചര്യം പ്രതികൂലമായതിനാലാണ് 2021ലെ സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാനുള്ള തീരുമാനം ഉപേക്ഷിക്കേണ്ടിവരുന്നതെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ യൂത്ത് കൗൺസിൽ വ്യക്തമാക്കി.

21. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ക്രിസ്തു രൂപം ബംഗളൂരുവിൽ നിർമിക്കാനുള്ള തയാറെടുപ്പുകൾ നടന്നുവരുന്നു. 114 അടി ഉയരമുള്ള ക്രിസ്തുരൂപം നിർമിക്കുന്നത് മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാറാണ്. ഹാരോബെലെ ഗ്രാമത്തിലെ കപാലിബേട്ടയിൽ ഡി.കെ. ശിവകുമാറിന്റെ ചെലവിൽ വാങ്ങിയ സ്ഥലത്താണ് ക്രിസ്തുപ്രതിമ നിർമിക്കുന്നത്. 2019 ഡിസംബറിൽ 25 നാണ് ഇതിന്റെ ശിലാസ്ഥാപനം നടന്നത്.

22. കേരളത്തിൽ പ്രണയങ്ങളുടെ പേരിൽ കൊലപാതകങ്ങൾ വർദ്ധിച്ചു വരുന്നത് പൊതുസമൂഹം ഗൗരവപൂർവം കാണണമെന്നും കപട മതേതരത്വം പൊതുസമൂഹത്തിന് ആപത്താണെന്നും സീറോ മലബാർ യുവജനസംഘടന. ക്രൈസ്തവ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ശരിയായ മതബോധനം നൽകി ഇത്തരം കെണികളിൽ ചെന്നു ചാടാതിരിക്കാൻ ബോധവത്കരണം നടത്തണമെന്നും എസ്എംവൈഎം ആവശ്യപ്പെട്ടു.

23. രാജ്യത്ത് പൗരത്വം നൽകുന്നതിന് മതപരിഗണനകൾ മാനദണ്ഡമാക്കരുതെന്ന് വിവിധ ക്രൈസ്തവ സഭാധ്യക്ഷന്മാരുടെയും പ്രതിനിധികളുടെയും പൊതുവേദിയായ ഇൻറർചർച്ച് കൗൺസിൽ ആവശ്യപ്പെട്ടു. നൂറ്റാണ്ടുകളായി രാജ്യം പുലർത്തി വരുന്ന മതേതര സമീപനങ്ങൾക്കും ഭരണഘടനാ മൂല്യങ്ങൾക്കും ദോഷം വരുന്നതൊന്നും ചെയ്യരുതെന്നു തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്സ് ഹൗസിൽ ചേർന്ന കൗൺസിൽ ആവശ്യപ്പെട്ടു.



# വിശുദ്ധ സെബസ്ത്യാനോസ്

ലോക വിശുദ്ധരിൽ കേരളത്തിൽ ഏറ്റവു മധികം ഭക്തരുള്ള വിശുദ്ധനാണ് സെയിൻറ് സെബാസ്റ്റ്യൻ അഥവാ വിശുദ്ധ സെബ സ്ത്യാനോസ്. സെയിൻറ് സെബാസ്റ്റ്യന്റെ തിരുനാൾ കേരളത്തിൽ അമ്പ് തിരുനാൾ, മകര തിരുനാൾ, പിണ്ടി തിരുനാൾ തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു. കേരളത്തിൽ അമ്പ് തിരുനാൾ ക്രൈസ്തവ ഹൈന്ദവ മതങ്ങളുടെ സൗഹൃദ സംഗമത്തിന്റെ തിരുനാൾ കൂടിയാണ്. അർത്തുങ്കൽ, കാഞ്ഞൂർ, അതിരമ്പുഴ, കുറവിലങ്ങാട് തുടങ്ങിയ പള്ളികൾ വളരെ ആർഭാടത്തോടെയാണ് ഈ തിരുനാൾ കൊണ്ടാടുന്നത്. ഫ്രാൻസിലെ മെഡിറ്ററേനിയൻ സമുദ്രത്തിന്റെ തെക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്ന നർബോണ എന്ന നഗരത്തിൽ കാത്തലിക് മാതാപിതാക്കളുടെ പുത്രനായി എ.ഡി. 255 ൽ സെബാസ്റ്റ്യൻ ജനിച്ചു. ജനിച്ചത് നർബോണയിൽ ആണെങ്കിലും അദ്ദേഹം വളർന്നത് മിലൻ നഗരത്തിൽ ആണ്. സൈനികസേവനം അക്കാലത്ത് ഉന്നതകുലജാതർ വിശിഷ്ടമായി കണ്ടിരുന്നു. സ്വന്തമായി താൽപര്യം ഉണ്ടായിരുന്നില്ലയെങ്കിലും മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം സൈനിക സേവനത്തിന് തയ്യാറായി. അങ്ങനെ ഇരുപത്തി എട്ടാമത്തെ വയസ്സിൽ അദ്ദേഹം മിലൻ വിട്ട് റോമിൽ എത്തി. കാരിനസ് രാജാവിന്റെ ഭരണകാലമായിരുന്നു അത്. അക്കാലത്ത് രാജകൊട്ടാരത്തിൽ സേവനം ചെയ്തിരുന്ന ക്രിസ്ത്യൻ ഭടന്മാർ റോമൻ ദേവന്മാരെ ആരാധിക്കണം എന്നു കാരിനസ് കൽപ്പന പുറപ്പെടുവിച്ചിരുന്നു. എതിർത്തവരെ രാജാവ് വധിക്കുകയും ചെയ്തിരുന്നു. എന്നാൽ സെബാസ്റ്റ്യൻ താൻ ക്രിസ്തു വിശ്വാസി ആണ് എന്ന സത്യം മറച്ചു വെച്ചിരുന്നു. കുറച്ചു കാലം കഴിഞ്ഞ് ഡയോക്ലീഷ്യൻ ചക്രവർത്തിയുമായുള്ള യുദ്ധത്തിൽ കാരിനസ് വധിക്കപ്പെട്ടു. ഡയോക്ലീഷ്യൻ തൻറെ സാമന്തനായ മാക് സിമിയനുമായി ആലോചിച്ച് യുദ്ധനിപുണനായ സെബാസ്റ്റ്യനെ

സേനാനായകനാക്കുകയും പ്രീട്ടോറിയ എന്ന പ്രത്യേക പദവി നൽകി ആദരിക്കുകയും ചെയ്തു.

ഡയോക്ലീഷ്യനും കാരിനസിനെ പോലെ ക്രിസ്തുമത വിരോധി ആയിരുന്നു. രാജ്യത്തുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ, വെള്ളപ്പൊക്കം, ഭൂകമ്പം, വരൾച്ച തുടങ്ങിയവയുടെ കാരണം ക്രിസ്ത്യാനികൾ ആണെന്ന് ആരോപിച്ച് ഡയോക്ലീഷ്യൻ ക്രൈസ്തവരെ കൂട്ടത്തോടെ വധിച്ചിരുന്നു.

പരിതാപകരമായ അവസ്ഥയിൽ നിന്ന് തന്റെ സഹജീവികൾക്ക് മോചനം ഉണ്ടാകണമെന്ന് സെബാസ്റ്റ്യൻ ആഗ്രഹിച്ചു. അദ്ദേഹം ആരുമറിയാതെ ക്രിസ്തു വിശ്വാസികളുടെ രക്ഷക്കുവേണ്ടി പ്രവർത്തിച്ചു.

എ. ഡി. 288 ൽ തന്റെ വിശ്വസ്തനായ സൈന്യാധിപൻ സെബാസ്റ്റ്യൻ ക്രിസ്തു വിശ്വാസി ആണെന്ന സത്യം ഡയോക്ലീഷ്യൻ മനസ്സിലാക്കി. രാജ്യദ്രോഹകുറ്റത്തിന് സെബാസ്റ്റ്യൻ തടവിലാക്കപ്പെട്ടു. അപ്പോഴും സെബാസ്റ്റ്യനോട് ഇഷ്ടം നിലനിർത്തിയിരുന്ന ഡയോക്ലീഷ്യൻ റോമൻ ദേവന്മാരെ ആരാധിച്ചാൽ വെറുതെ വിടാമെന്നും പഴയ സ്ഥാനങ്ങൾ തിരികെ നൽകാമെന്നും അറിയിച്ചു. എന്നാൽ ആ ദേവന്മാരോട് പ്രാർത്ഥിക്കുന്നത് നിഷ്ഫലമാണെന്നും പ്രപഞ്ചസ്രഷ്ടാവായ ജീവിക്കുന്ന ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും ഡയോക്ലീഷ്യനെ സെബാസ്റ്റ്യൻ ഉപദേശിച്ചു. പിന്നീട് റോമൻ ദേവന്മാരെ ആരാധിച്ചില്ലെങ്കിൽ തീയിൽ നടത്തുമെന്ന് ഭീഷണി പ്പെടുത്തി. എന്നാൽ തീ തനിക്ക് പനിനീർ പൂക്കളാൽ നിർമിച്ച മെത്ത പോലെയായിരിക്കും എന്ന് സെബാസ്റ്റ്യൻ ചക്രവർത്തിയെ വെല്ലുവിളിച്ചു. കോപം കൊണ്ട് ജ്വലിച്ച ഡയോക്ലീഷ്യൻ മൈതാന മധ്യത്തിൽ സെബാസ്റ്റ്യനെ മരത്തിൽ കെട്ടിയിട്ട് അമ്പെയ്തു കൊല്ലാൻ കൽപ്പിച്ചു. ഡയോക്ലീഷ്യന്റെ സേവകർ സെബാസ്റ്റ്യനെ വിവസ്ത്രനാക്കി മരത്തിൽ കെട്ടിയിട്ട് നിരവധി അമ്പുകൾ എയ്തു. രക്തം വാർന്ന് സെബാസ്റ്റ്യൻ അബോധാവസ്ഥയിലായി. എന്നാൽ സേവകർ സെബാസ്റ്റ്യൻ മരിച്ചു എന്ന് തെറ്റിദ്ധരിച്ചു. ഐറിൻ എന്ന സ്ത്രീ തന്റെ ചില സുഹൃത്തുക്കളുടെ സഹായത്തോടെ സെബാസ്റ്റ്യന്റെ ശരീരം അവിടെ നിന്ന് എടുത്തു വീട്ടിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം സെബാസ്റ്റ്യൻ ആരോഗ്യം വീണ്ടെടുത്തു.

ധീരനായ സെബാസ്റ്റ്യൻ വീണ്ടും ചക്രവർത്തിയുടെ മുന്നിൽ എത്തുകയും ക്രിസ്തു വിശ്വാസികളെ പീഡിപ്പിക്കുന്നതിന് ചക്രവർത്തിയെ അതിശക്തമായി ശാസിക്കുകയും ചെയ്തു. ആ സമയത്ത് ഡയോക്ലീഷ്യൻ വളരെയധികം ഭയപ്പെട്ടു. ഒപ്പം സെബാസ്റ്റ്യനോട് എന്നത്തേക്കാളും ഏറെ ദേഷ്യം ഉള്ളവനായി തീരുകയും ചെയ്തു. തന്റെ ഭടനോട് രാജസന്നിധിയിൽ വെച്ചുതന്നെ സെബാസ്റ്റ്യനെ ഗദ കൊണ്ട് അടിച്ചു കൊല്ലാൻ ചക്രവർത്തി കൽപ്പിച്ചു. എ.ഡി. 288 ജനുവരി 20 നാണ് അത് സംഭവിച്ചത്.

സെബാസ്റ്റ്യന്റെ ശരീരം ആരുമറിയാതെ ചക്രവർത്തിയുടെ ഭടന്മാർ ഓടയിൽ എറിഞ്ഞു. ഓടയിൽ എറിയപ്പെട്ട ദിവസം തന്നെ ലൂസിന എന്ന സ്ത്രീക്ക് വെളിപാട് ലഭിച്ചു. അവർ ചെന്നു നോക്കിയപ്പോൾ മൃതദേഹത്തിനു ചുറ്റും പരുന്തുകൾ വട്ടമിട്ടു പറക്കുന്ന കാഴ്ചയാണ് കണ്ടത്.

ആപ്യൻ എന്ന പാതക്ക് അടുത്തുള്ള ഒരു ഭൂഗർഭ ഗൃഹത്തിൽ ലൂസിന സെബാസ്റ്റ്യന്റെ മൃതദേഹം സംസ്ക്കരിച്ചു. സെയിൻറ് സെബാസ്റ്റ്യന്റെ പേരിലുള്ള ആദ്യത്തെ പള്ളി ഈ സ്ഥലത്താണ് സ്ഥാപിതമായത്. ലൂസിനയെ പിന്നീട് ചക്രവർത്തി വധിച്ചു.

1575 ൽ മിലനിലും ഇറ്റലിയിലും 1596 ൽ ലിസ്ബണിലും പകർച്ചവ്യാധികൾ പടർന്നു പിടിച്ചു. സെയിന്റ് സെബാസ്റ്റ്യന്റെ രൂപവുമായി വിശ്വാസികൾ പ്രദക്ഷിണം നടത്തിയപ്പോൾ അത്ഭുതകരമായ രോഗശാന്തിയുണ്ടായി. അതിനു പ്രത്യുപകാരമായി ഒരു കപ്പലിൽ വിശുദ്ധന്റെ തിരുസ്വരൂപവുമായി ലോകം ചുറ്റാൻ ജനങ്ങൾ തീരുമാനിച്ചു. ലോകം ചുറ്റി കൊണ്ടിരിക്കുമ്പോൾ അർത്തുങ്കൽ അടുത്ത് എത്തിയപ്പോൾ ഒരു കടൽ ക്ഷോഭം ഉണ്ടാവുകയും കപ്പൽ ആ സ്ഥലത്ത് ഉറക്കുകയും ചെയ്തു. സമീപത്ത് ഒരു ദേവാലയം ഉള്ളതായി കപ്പിത്താന് ദർശനം ലഭിച്ചു. അങ്ങനെ വിശുദ്ധന്റെ തിരുസ്വരൂപം അർത്തുങ്കൽ പള്ളിയിലെ അന്നത്തെ കുരിശടിയിൽ സ്ഥാപിച്ചു. ആ തിരുരൂപം ഇന്നും അർത്തുങ്കൽ ബസിലിക്കയുടെ തെക്കെ അൾത്താരയിൽ ഭക്തർക്ക് ദർശനത്തിനായി പ്രത്യേകം തയ്യാറാക്കിയ രൂപക്കൂട്ടിൽ സ്ഥാപിച്ചിരിക്കുന്നു.

ലോകമെമ്പാടും ജനുവരി 20 നാണ് സെയിന്റ് സെബാസ്റ്റ്യൻസ് ഡേ ആഘോഷിക്കുന്നത്. എന്നാൽ കേരളത്തിൽ മകരമാസം മുഴുവൻ ആഘോഷിക്കപ്പെടുന്നു.





**Mary Nisha P.A**
**XI-A**








RAAJESH SOUNDS















Happy Anniversary
To love and to hold for a life time is
one of the sweetest vows you
made for each other
25 years as
Mr. AR Jose & Mrs. Sajani Jose
Eluvathingal House
On
15.01.2020
Happy Wedding Anniversary to dear
Papa + Mummy
Prayerful wishes from
Alfred E Jose + Andria E Jose


Tony Mathew. C
95435 39868
90807 04225
Flat
20%
Off
Specto Craft Opticians
Eye Testing Facility Available Here
108, (Opp) St. Michael's School,
Near Royal Theatre
Big Bizzar Street, Coimbatore - 641 001

# 8 th Death Anniversary

*In ever loving memory of our beloved appachan*



*"The Lord is my Light and*
*my Salvation;*
*Whom shall I fear?*
*The Lord is the*
*Strength of My Life;*
*Of Whom shall I be afraid?"*
*(Psalm 27:1)*

## FRANCIS C.L

**CHALAKKAL HOUSE**

**Date of Birth: 08.12.1952**
**Date of Demise: 23.02.2012**

Sorrowing Family:
Wife : Kochu Thressia Francis
Daughter : Sr. Sowmya Francis ( F.C.C )
Son : Prabin C.F
Daughter-in-Law: Josephina M.S
Son : Antony Printo C.F
Daughter-in-Law: Bismi
Grand Children : Cyril C.P,Chrissil C.P& Leeuwin C.P



**മരിക്കാത്ത ഓർമ്മകളുടെ**
**രണ്ടാം വർഷം**
**08.02.2020**



## Aliyamma Roy

**W/o Roy. Chalissery**
**Rathinapuri**

**ST. JOSEPH UNIT**

**Born : 23.02.1967** **Died : 08.02.2018**

"ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു എന്റെ ഓട്ടം
ഞാൻ പൂർത്തിയാക്കി. എന്റെ വിശ്വാസം
ഞാൻ സംരക്ഷിച്ചു ആകയാൽ നീതിയുടെ കിരീടം
എനിക്കായി നീക്കിവെക്കപ്പെട്ടിരിക്കുന്നു".
(2 തിമോ.4:7)

JOSEPH STANISLAUS. J

Mobile : 94437 75050

# WATER PROOF CONSULTANT

TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS









48/641, 7th Street Extension, Gandhipuram, Coimbatore-12

---

**Shaju A George**
Director - Business Development
Mob: +91 9003364414

ALERT SECURITY MART

# ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800

E-Mail: shaju@alertsecuritymart.com web: alertsecuritymart.com

godrej CP PLUS Intelligent Security Systems alhua TECHNOLOGY HIKVISION Ravel DSC
SIEMENS ERREKA Honeywell

---

Joseph CP
9363210497

# SINI
## Photo & Videos

5/55, Vimal Nagar, Viswasapuram, cbe-35




---

Since 2003

## Our Services

**N S FRANCO**
(Insurance Advisor)
9843246346

LIC भारतीय जीवन बीमा निगम LIFE INSURANCE CORPORATION OF INDIA

**Life Insurance Corporation of India**
(Savings & Investment)

यूनाइटेड इंडिया UNITED INDIA

**United India Insurance Company LTD**
(Two Wheeler & Four Wheeler Insurance with in 5 mintues)

STAR Health Insurance — The Health Insurance Specialist

**Star Health and Allied Insurance Co. Ltd**
(Health Insurance & Accident Insurance)

Passport, Voter ID, Pan Card, Aadhar, Aadhar corrections, Legal hair Certificate, Udhyog Aadhar, FSSAI Certificate, Nativity Certificate, etc...

67, Sasthri Street, South North Cross, Rathinapuri, Coimbatore - 641027

# 20th Death Anniversary



# T.A THOMAS

***Thatharathil Ponmani House***


**Born : 03.11.1936** **Died : 03.02.2000**



***Sorrowing Family***

***T.A.T & Sons***
***Gandhipuram***
***CBE-12***


JOSE V.T
MANNA
Catering
·SERVICE·
VEG & NON VEG
* PHOTOGRAPHY
* VIDEOGRAPHY
* LIGHTING
* STAGE BACKDROP
* SOUND SYSTEM
93632 49570
KUNIAMUTHUR,
COIMBATORE - 641 008


BHAARATH ™
Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778
BHAARATH ELECTRICAL INDUSTRY
78, New Scheme Road, P.N. Palayam,
Coimbatore - 641 037

# ദിവ്യകാരുണ്യം
# മുറിക്കപ്പെടുന്ന അപ്പം



"അവൻ അപ്പമെടുത്ത് കൃതജ്ഞതസ്തോത്രം ചെയ്ത്, മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്". (ലൂക്കാ: 22:19). ദിവ്യകാരുണ്യം നമുക്കുവേണ്ടി മുറിക്കപ്പെടുന്ന അപ്പമാണ്. നമുക്ക് ജീവൻ ഉണ്ടാകുവാൻ, അത് സമൃദ്ധമായി ഉണ്ടാകുവാൻ കർത്താവ് സ്വയം മുറിച്ച് നമുക്കു നല്കി.

അവിടുന്ന് മുറിച്ചത് പങ്കുവെയ്ക്കുവാൻ വേണ്ടിയാണ്. ദിവ്യകാരുണ്യം സ്വീകരിക്കുന്ന നമ്മോടും ഈശോ പറയുന്നതും ഇതുതന്നെയാണ്. നിങ്ങളും ദിവ്യകാരുണ്യത്തെപ്പോലെ, സ്വയം മുറിയുവാൻ തയ്യാറാകണം. ഭാര്യ ഭർത്താവിനുവേണ്ടി, മക്കൾ മാതാപിതാക്കൾക്കുവേണ്ടി, വികാരിയച്ചൻ ഇടവകക്കാർക്കുവേണ്ടി, അധികാരികൾ തങ്ങൾ ശുശ്രൂഷിക്കുന്ന ജനത്തിനുവേണ്ടി, നമുക്കു ചുറ്റുമുള്ള സമൂഹത്തിനുവേണ്ടി സ്വയം മുറിയുവാനും പങ്കുവയ്ക്കുവാനും തയ്യാറാകണം.

എങ്ങനെയാണ് മുറിയേണ്ടത്? നമ്മുടെ താത്പര്യങ്ങളെയും, അഭിപ്രായങ്ങളെയും, ഇഷ്ടങ്ങളെയും, അഭിരുചികളെയും നമ്മുടെ കഴിവുകളെയും, സമയത്തെയും എല്ലാം അപരനുവേണ്ടി നൽകുമ്പോൾ,... ബലി

യാകാൻ തയ്യാറാകുമ്പോൾ... നാം മുറിക്കപ്പെടുകയാണ്. ഇന്ന് നമ്മുടെ അഭിമാനത്തിന്റെ പേരിൽ, ദുർവാശിയുടെ പേരിൽ, താത്പര്യങ്ങളുടെ , പേരിൽ ക്ഷമിക്കുവാനും വിട്ടുവീഴ്ച ചെയ്യാനും തയ്യാറാകാതെ വരുമ്പോൾ എങ്ങനെനമ്മെ മുറിക്കാനാകും? മുറിക്കാതെ എങ്ങനെപകുത്തു നൽകാനാകും?

യേശു അവസാനതുള്ളി രക്തം വരെ നമുക്കുവേണ്ടി ചിന്തികൊണ്ട് എല്ലാം നൽകി. നമുക്കും, നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി മുറിയപ്പെടുവാൻ കടമയുണ്ട്. മുറിക്കപ്പെടുന്ന അപ്പത്തിൽ നിന്നും ഭക്ഷിക്കുന്ന നമുക്കും, ആ അപ്പത്തിന്റെ സ്വഭാവം ഇല്ലാതിരിക്കുമോ? ദിവ്യകാരുണ്യം നാളുകളായി സ്വീകരിച്ച്. നമ്മിൽ മുറിക്കപ്പെടുകയും പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്ന സ്വഭാവം ഇനിയും വളർന്നിട്ടില്ലേ?

നമ്മുടെ ഭവനങ്ങളിൽ ജന്മദിനത്തോടനുബന്ധിച്ച് കേക്കുകൾ മുറിക്കാറുണ്ട്. കേവലം ഒരു ആഘോഷത്തിന്റെ ഭാഗം എന്നതിലപ്പുറം നാം അതേക്കുറിച്ച് ചിന്തിക്കാറില്ല. കേക്ക്, ആരുടെ പിറന്നാളിനോടനുബന്ധിച്ചാണോ മുറിക്കുന്നത് അയാളുടെ പ്രതീകമാണ്. ആ കേക്ക് മുറിച്ചു നൽകുന്നത് തന്നെത്തന്നെ, മറ്റുള്ളവർക്ക് നൽകുന്നതിന്റെ പ്രതീകമാണ്.നാമും നമുക്കുള്ളവ മുറിച്ചു പങ്കുവെയ്ക്കുന്ന കാര്യത്തിൽ എത്ര മാത്രം ശുഷ്ക്കാന്തി കാണിക്കാറുണ്ട്? മറ്റുള്ളവർക്ക്, നമുക്കുള്ളവ എത്ര കുറച്ചാണെങ്കിലും അതിൽ നിന്നു മുറിച്ചുകൊടുക്കുമ്പോൾ ദിവ്യ കാരുണ്യസ്വഭാവം സംജാതമാകുന്നു.

നമ്മുടെ മനോഭാവം എന്താണ്? ആരുമായും ഒന്നും വങ്കുവെയ്ക്കാതെ, നാം സ്വാർത്ഥതയിൽ തളച്ചിടപ്പെട്ടിരിക്കുന്നു. നമ്മുടെ മക്കളെയും അതു തന്നെ പരിശീലിപ്പിക്കുന്നു.നാലു ചുറ്റും കെട്ടിയുയർത്തിയ മതിൽക്കെട്ടിനകത്ത്, സ്വകാര്യതയും സ്വച്ഛതയും പ്രതീക്ഷിക്കുന്ന മനുഷ്യാ, നീ തിരിച്ചറിയുക: മുറിക്കപ്പെടുന്നതിനേക്കാളും പങ്കുവെയ്ക്കുന്നതിനെക്കാളും വലിയ സന്തോഷം വേറെയില്ല. മുറിക്കപ്പെടുന്നില്ലെങ്കിൽ, പങ്കുവെയ്ക്കുന്നില്ലെങ്കിൽ, നമ്മുടെ ദിവ്യകാരുണ്യസ്വീകരണങ്ങൾ വ്യർത്ഥമല്ലേ?

നമുക്കും ദിവ്യകാരുണ്യത്തെപ്പോലെ മുറിച്ച് വിളമ്പാൻ തയ്യാറെടുക്കാം.

**ശ്രീമതി. ബെൻസി പോൾ**

# ബർതിമേയൂസിന്റെ ദൈവാനുഭവം

സഹോദരങ്ങളെ... അന്ധനായ ബർതിമേയൂസിന് കർത്താവിൽ നിന്നും അനുഗ്രഹം പ്രാപിച്ച സംഭവമാണ് മാർക്കോസ് 10:46-52 ൽ വിവരിക്കുന്നത്. അവൻ അന്ധൻ ആയിരുന്നെങ്കിലും അവന്റെ ഉള്ളിൽ ഒരു ദൈവാന്വേഷണം ഉണ്ടായിരുന്നു. അതുകൊണ്ടാണ് യേശു അതിലേ കടന്നു പോയപ്പോൾ അവൻ ദാവീദിന്റെ പുത്രനായ യേശു ആണെന്ന് തിരിച്ചറിയുകയും അവനെ വിളിച്ചു അപേക്ഷിക്കാനും ഇടയായത്. സാഹചര്യങ്ങൾ അവന് അനുകൂലമല്ലാതിരുന്നിട്ടും, ചുറ്റുമുള്ളവർ അവനെ ശാസിച്ചിട്ടും, കൂടുതൽ ഉച്ചത്തിൽ അവൻ നിലവിളിച്ചു പ്രാർത്ഥിച്ചത്. ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥന കേൾക്കാതെ പോകാൻ കർത്താവിന് കഴിയില്ല. അതുകൊണ്ടാണ് ഏശയ്യാ പ്രവാചകനിലൂടെ അവിടുന്ന് പറഞ്ഞു വച്ചത്.രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിൻെറ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല.

(ഏശയ്യാ 59 : 1) സഹോദരാ, സഹോദരി,.. നമ്മൾ എന്നാണ് ഹൃദയം പൊട്ടി കർത്താവിനെ വിളിച്ചു പ്രാർത്ഥിച്ചിട്ട് ഉള്ളത്? ആത്മാർത്ഥമായ വിശ്വാസത്തോടെ പ്രാർത്ഥിച്ചിട്ട് ഉണ്ടെങ്കിൽ നിശ്ചയമായും നിനക്ക് ഉത്തരം കിട്ടിയിട്ടുണ്ടാകും.1 സാമുവേൽ 1:10 മുതലുള്ള വാക്യങ്ങളിൽ എൽകാനയുടെ ഭാര്യ ഹന്ന കർത്താവിനോട് ഹൃദയം നൊന്തു ഒരു കുഞ്ഞിനുവേണ്ടി വേണ്ടി പ്രാർത്ഥിച്ചതും. അവൾക്കു കർത്താവ് ഒരു കുഞ്ഞിനെ നൽകിയതും. ഞാൻ അവനെ കർത്താവിനോട് ചോദിച്ചു വാങ്ങിയതാണെന്ന് പറഞ്ഞു അവൾ അവനു ശമുവേൽ എന്ന് പേരിട്ടതും അവൻ ഒരു വലിയ പ്രവാചകനായി തീരുന്നതും നമ്മൾ വായിക്കുന്നുണ്ടല്ലോ. ബർത്തിമേയൂസ് കർത്താവിനോട് കാഴ്ച ചോദിച്ചു വാങ്ങി എങ്കിൽ. നമുക്കും കർത്താവിനോട് നമ്മുടെ എല്ലാ ആവശ്യങ്ങളും ചോദിച്ചു വാങ്ങാം. പൗലോസ് ശ്ലീഹാ പറയുന്നതു പോലെ (എഫേസോസ് 3:20)നമ്മിൽ പ്രവർത്തിക്കുന്ന ശക്തിയാൽ നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരെ കൂടുതൽ ചെയ്തു

തരുവാൻ (മനസ്സ്) കഴിവുള്ളവനാണ് നമ്മുടെ ദൈവം. പ്രാർത്ഥനയുടെ ശക്തിയെ കുറിച്ച് വി. മത്തായിയുടെ സുവിശേഷം. 7: 7 മുതലുള്ള വാക്യങ്ങളിൽ കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുമെന്നും മുട്ടുന്നവന് തുറന്നു കിട്ടുമെന്നും. കർത്താവു ചോദിക്കുകയാണ്. മക്കൾ അപ്പം ചോദിച്ചാൽ കല്ല് കൊടുക്കുമോ? അഥവ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്ക് നല്ല വസ്തുക്കൾ കൊടുക്കണ മെന്ന് ദുഷ്ടരായ നിങ്ങൾ അറിയുന്നു എങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് എത്രയോ കൂടുതൽ നന്മകൾ നൽകും. അതുകൊണ്ട് സഹോദരങ്ങളെ? നമുക്ക് അവിടുത്തെ സമീപിക്കാം. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിവുള്ളവനാണ് അവിടുന്ന്. ബർത്തിമേയൂസിന് കാഴ്ച്ച ലഭിച്ചപ്പോൾ അതിലൂടെ അവൻ രക്ഷകനെ തിരിച്ചറിയുകയും. അവനെ അനുഗമിക്കുകയും ചെയ്തു എന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തിൽ ഇന്നോളം ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളും നന്മകളും. അടയാളങ്ങളും. ദൈവാനു ഗ്രഹത്തിൽ വളർത്തിയിട്ടുണ്ടോ? അനുഗ്രഹത്തെകാൾ ഉപരി അനുഗ്രഹ ദാതാവായ ദൈവത്തെ തിരിച്ചറിയാൻ നമുക്ക് ഇടയാകട്ടെ. ആമേൻ.

**ശ്രീ.** E.R George

# KIDS CORNER

## Unscramble the letter to find the words in Moses Anagram

abekst ______________________

aahhopr ______________________

deehhprs ______________________

aceilmrs ______________________

bginnru bhsu ______________________

aeglpsu ______________________

aeoprssv ______________________

aeeiilrsst ______________________

acdemmnnost ______________________

adeelr ______________________

(Only catechism students are eligible to participate in the contest. Fill the answers and submit it before 15th of the month, in the box kept in the church. Ten correct entries will be selected by lot and published in the next issue.)

Name: ______________________ Class: __________

Winners of January month contest

Joviya John T J 2nd Std, Sofina Teresa 4th Std, Safin P N 8th Std, Merlin M Shajan 6th Std

Alina 2nd Std, P Cicilia Rose 6th Std, Reinoe Joju 7th Std, Galen Sunoj 6th Std

C F Aloysius Antony 3rd Std, C A Sanju George 8th Std

# Marian Knowledge

1. "She is more Mother than Queen." Whose words are they?

   St. Therese of Lisieux

2. “Always stay close to this Heavenly Mother, because she is the sea to be crossed to reach the shores of Eternal Splendors.” Whose words are they?

   St Padre Pio

3. When is the feast of the presentation of the lord celebrated?

   February 2nd

4. When is the feast of our lady of Lourdes celebrated?

   February 11th

5. How is the green scapular also referred as?

   Badge of the Immaculate heart

6. When was the Marian Movement of Priests started?

   8th May 1972

7. In which year of the apparition did Mother Mary gave Sr. Lucy the permission to publish the two secrets to the world?

   1927

8. At which age did Sr Lucy, one of the children in Fatima apparition die?

   At age of 97 on Feb13th 2005

9. To which place did Mary travel to meet Elisabeth and served her for 6 months?

   Ein Karem

10. What is the meaning of the place Ein Karem?

    Spring of Vineyard

# Catechism News

- **Second Semester Examination**

  Second semester examinations for standard1st to 9th will be held on February 23rd 2020 from 10.00am to 12.00 pm.All students are requested to prepare well for the examination.

- **A word of thanks**

  Our heartfelt wishes and thanks to all teachers, parents and students for making our catechism day a grand success.

- **Bible quiz result**

  Our students Edwin Biju has won second rank and SarahSifi has won third rank in the bible quiz competition under the group A category. Congratulations and wishes on your success.

- **Scholarship examination**

  Scholarship examination for standard 5th, 7th and 9th will be held on March 29th 2020 from 2.00pm to 5.00pm at PapampattiPirivu.

- **Scholastic Examination**

  Scholastic examination for catechism teachers will be held on March 8th 2020. All teachers are requested to prepare well for the exam.

- **Bible Verse**

| | |
|---|---|
| Joshua 3:5 | 2/2/2020 |
| Matthew16:26 | 9/2/2020 |
| Sirach34:20 | 16/2/2020 |
| Exodus14:14 | 23/2/2020 |

**Collage Competition**

Our students have won 3rd Prize in Forane level collage competition. Congratulations and wishes to students for their effort.

# FEBRUARY 2020

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | | | | **1**<br>1Jn5:13-21<br>Jn8:39-47 |
| **2**<br>Deut18:13-18<br>Is48:12-20<br>Heb6:9-15<br>Jn3:14-21 | **3**<br>1Tim2:1-7<br>Mt18:23-35 | **4**<br>Rom12:1-8<br>Lk18:9-14 | **5**<br>Rom9:19-29<br>Mt6:1-4 | **6**<br>Eph6:10-17<br>Mk9:33-37 | **7**<br>2Tim2:8-13<br>Mt5:1-12 | **8**<br>1Cor3:10-17<br>Lk11:14-23 |
| **9**<br>Deut24:14-22<br>Is63:7-16<br>Heb8:1-6<br>Jn3:22-31 | **10**<br>1Jn5:6-12<br>Mk3:13-19 | **11**<br>1Jn1:5-10<br>Jn9:35-39 | **12**<br>Rom14:1-6<br>Jn8:31-38 | **13**<br>Col1:21-23<br>Lk13:10-17 | **14**<br>Heb13:7-9,17-19<br>Mt16:24-28 | **15**<br>1Cor15:50-57<br>Mt23:1-12 |
| **16**<br>Deut14:22-15:4<br>Is42:5-9<br>1Tim6:17-21<br>Mt8:5-13 | **17**<br>2Pet3:8-13<br>Mk13:32-37 | **18**<br>1Jn2:12-17<br>Lk14:25-35 | **19**<br>1Thess2:17-20<br>Mk10:35-45 | **20**<br>2pet1:10-15<br>Lk5:33-39 | **21**<br>1Cor15:39-49<br>Mt25:31-40 | **22**<br>2Thess2:5-12<br>Mt11:20-24 |
| **23**<br>Ex34:27-35<br>Is58:1-10<br>Eph4:17-24<br>Mt4:1-11 | **24**<br>Gen1:1-19<br>Josh1:1-15<br>Rom1:16-25<br>Mt 5:17-26 | **25**<br>Rom2:1-6<br>Mt5:38-42 | **26**<br>Rom2:12-24<br>Mt6:5-8 | **27**<br>Rom3:9-20<br>Mt 6:25-34 | **28**<br>Rom4:13-25<br>Mt7:1-6 | **29**<br>Rom3:21-26<br>Mt6:9-15 |

**K.J GEORGE**
**Cell: 9865259919**

*Nirmala*
# MATHA
**CHITS (TAMIL NADU) PVT.LTD**

0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine
## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

0422-2523645
94439 13645
94893 63377





**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

**MASTER HEALTH CHECKUP 50% OFF**

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

Ⓒ : 0422-2494007
98432 96007

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12